**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1003** | **07.02.2013 ൽ മറുപടിയ്ക്ക്**

## യൂത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനം

**ചോദ്യം** | **മറുപടി**

**ശ്രീ. എ.എ. അസീസ്**
**ശ്രീ. കോവൂർ കുഞ്ഞുമോൻ**

**കുമാരി. പി.കെ. ജയലക്ഷ്മി**
**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് യൂത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കുമോ;

(എ) യുവശക്തി പദ്ധതി നടപ്പിലാക്കുന്നത് പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ തലത്തിലെ യൂത്ത് സെന്ററുകൾ വഴിയാണ്. യൂത്ത് സെന്ററിന്റെ പ്രവർത്തനം ഏകോപിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റിയും ആ കമ്മിറ്റി നിശ്ചയിക്കുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ ഒരു യൂത്ത് കോ-ഓർഡിനേറ്ററും ഉണ്ട്.

***യൂത്ത് കോ-ഓർഡിനേറ്ററുടെ ചുമതലകൾ***

1. പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അതിർത്തിയിലുള്ള ആർട്സ് & സ്പോർട്സ് ക്ലബ്ബുകളുടെ യോഗം വിളിച്ചു ചേർക്കുകയും, ക്ലബ്ബുകളുടെ പ്രവർത്തനത്തിനാവശ്യമായ സഹായവും ഉപദേശ നിർദ്ദേശങ്ങളും നൽകുക.
2. സ്വയംതൊഴിൽ എക്സ്ചേഞ്ചുകൾ സ്ഥാപിക്കുകയും ലേബർ ബാങ്കുകൾ രൂപീകരിക്കുകയും ചെയ്യുക.
3. സ്വയം തൊഴിൽ സംരംഭകത്വ പരിശീലനം, സ്വയം തൊഴിൽ കണ്ടെത്താനുള്ള സഹായങ്ങൾ, പ്രോത്സാഹനം എന്നിവ നൽകുക.
4. യുവജനക്ഷേമത്തിനു വേണ്ടിയുള്ള പഞ്ചവത്സര പദ്ധതികൾ / ജനകീയാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഗ്രാമ പഞ്ചായത്തുകളെ സഹായിക്കുക.
5. ഉൽപ്പാദന മേഖല ഉൾപ്പെടെയുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും യുവജനങ്ങളെയും യുവജനക്ലബ്ബുകളെയും ഉപയോഗപ്പെടുത്തുക.

6. പഞ്ചായത്ത് / മുനിസിപ്പാലിറ്റി /കോർപ്പറേഷൻ യുവകർമ്മസേന രൂപീകരിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക.

7. പഞ്ചായത്ത് / മുനിസിപ്പാലിറ്റി /കോർപ്പറേഷൻ കേരളോത്സവം ജനകീയ പങ്കാളിത്തത്തോടെ നടത്തുന്നതിന് സഹായിക്കുക.

8. യുവജനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സർവ്വേകൾ, പ്രാദേശിക ചരിത്രരചന തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.

9. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

10. രോഗപ്രതിരോധ – ശുചിത്വപ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക.

11. ശാസ്ത്രീയ ചിന്ത – മതേതരത്വം,സാംസ്കാരിക ബോധം എന്നിവ വളർത്തുന്നതിനും ദേശീയോദ്ഗ്രഥനം ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

12. സാംസ്കാരിക പരിപാടികൾ, ഗ്രന്ഥശാല പ്രവർത്തനങ്ങൾ, തുടങ്ങിയവയ്ക്ക് പ്രോത്സാഹനവും സഹകരണവും നൽകുക.

13. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ വില്ലേജ് നോളജ് സെന്ററുകൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുവാനുള്ള പരിശ്രമങ്ങൾ നടത്തുകയും അതിനുള്ള ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുക.

14. സമ്പൂർണ്ണ ശുചിത്വ പദ്ധതി, എൻ.ആർ.എച്ച്.എം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുക.

15. പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുകയും പൊതു വിദ്യാലയങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ പഞ്ചായത്തുകളുമായും, സ്കൂളുകളുമായും സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.

16. ടൂറിസം മേഖലയിലെ പ്രവർത്തനങ്ങളിൽ യുവജനങ്ങളെ പങ്കാളികളാക്കുക.

17. ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

| | | | |
|---|---|---|---|
| (ബി) | ഇവർക്ക് നൽകുന്ന ഓണറേറിയം എത്രയാണ്; | (ബി) | യുവശക്തി പദ്ധതി പ്രകാരം അംഗീകരിച്ച കോ-ഓർഡിനേറ്റർമാർക്ക് പ്രതിമാസം 1,500/-രൂപ ഓണറേറിയമായി അനുവദിക്കുന്നു. |
| (സി) | ഓണറേറിയം നൽകുന്നതിനായി കേന്ദ്ര ഫണ്ട് അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | യൂത്ത് കോ-ഓർഡിനേറ്റർമാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | തൽക്കാലം പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ